# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 26.03.2013-ൽ മറുപടിക്ക്

ചോദ്യം നമ്പർ: 2218

## ഭവന നിർമ്മാണ പദ്ധതികൾ ഏകോപിപ്പിക്കുവാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ:<br>,, വി.റ്റി. ബൽറാം:<br>,, ഹൈബി ഈഡൻ:<br>,, പി. എ. മാധവൻ: | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നടപ്പാക്കിവരുന്ന എല്ലാ ഭവന നിർമ്മാണ പദ്ധതികളും ഏകോപിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഉണ്ട്.<br>സംസ്ഥാനത്തെ, ദുർബലവിഭാഗക്കാർക്ക് ഭവനനിർമ്മാണത്തിന് ധനസഹായം നൽകുന്നതിന് ലക്ഷ്യമിട്ട് ഭവനം, റവന്യൂ, ഫിഷറീസ്, തദ്ദേശ സ്വയംഭരണം, എസ്.സി/ എസ്.റ്റി വികസനം, തൊഴിൽ മുതലായ വകുപ്പുകൾ വഴി നടപ്പിലാക്കുന്ന വിവിധ സംസ്ഥാന/കേന്ദ്ര ഭവന പദ്ധതികളെ ഏകോപിപ്പിച്ച് എല്ലാവർക്കും ഭൂമി എല്ലാവർക്കും വീട് എന്ന സമഗ്രമായ ഭവന നിർമ്മാണ പുനരധിവാസ പദ്ധതിയ്ക്ക് രൂപം നൽകിവരുന്നു. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) സമൂഹത്തിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ദുർബ്ബല ജനവിഭാഗങ്ങളുടെ പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കേന്ദ്രസർക്കാർ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള രാജീവ് ആവാസ് യോജനയുടെയും മറ്റ് പുനരധിവാസ പദ്ധതികളുടെയും പ്രയോജനം പൂർണ്ണമായും ഉപയോഗപ്പെടുത്തിക്കൊണ്ടും ഭവന നിർമ്മാണത്തോടൊപ്പം പ്രാഥമിക അടിസ്ഥാന സേവനങ്ങൾ നൽകുന്നതിനും ആവാസ വ്യവസ്ഥയുടെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിനും ഊന്നൽ നൽകുന്നതിനുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളുമായി സഹകരിച്ചാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | ഭവനം, നികുതി, റവന്യൂ, ധനകാര്യം, നിയമം, തദ്ദേശസ്വയംഭരണം, സാമൂഹ്യ ക്ഷേമം പട്ടികജാതി/പട്ടികവർഗ്ഗ വികസനം, ഫിഷറീസ് തുടങ്ങിയ വിവിധ സർക്കാർ വകുപ്പുകളുമായി സഹകരിച്ചാണ് സമഗ്ര ഭവന പുനരധിവാസ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) | ഇതിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | (ഡി) | സമഗ്ര ഭവന പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി, നിയമ-ധന-ഭവന വകുപ്പ് മന്ത്രി, റവന്യൂ വകുപ്പ് മന്ത്രി, നഗരകാര്യ - ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി, പഞ്ചായത്ത് - സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി, വനം-കായികം വകുപ്പ് മന്ത്രി, പട്ടികവർഗ്ഗ ക്ഷേമ വകുപ്പ് മന്ത്രി, ഗ്രാമ വികസന വകുപ്പ് മന്ത്രി എന്നിവർ ഉൾപ്പെടുന്ന മന്ത്രിസഭ ഉപസമിതിയെ ചുമതലപ്പെടുത്തുകയുണ്ടായി. ഇക്കാര്യത്തിൽ ബന്ധപ്പെട്ട മന്ത്രിമാരുടെ അഭിപ്രായം സ്വരൂപിക്കുന്നതിലേയ്ക്കായി പശ്ചാത്തല വിവരണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ